(ബി) അല്ലെങ്കിൽ പ്രസ്തുത പ്രദേശങ്ങളിൽ വൈദ്യുതി എത്തിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

കീഴുമുറി ചർച്ച് കോളനി വൈദ്യുതീകരിക്കാൻ നടപടികൾ

604 [822] ശ്രീ. ബന്നിബഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പിറവം നിയോജകമണ്ഡലത്തിൽ രാമമംഗലം പഞ്ചായത്തിലെ കീഴുമുറി ചർച്ച് കോളനി വൈദ്യുതീകരിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇവിടെ എന്ന് കണക്ഷൻ കൊടുക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഈ സാമ്പത്തികവർഷം തന്നെ വൈദ്യുതീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷ.

വൈദ്യുതി കണക്ഷൻ

605 [823] ശ്രീ. കെ. പന്മനാഭൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

1980-ന് ശേഷം ഓരോ വർഷവും എത്ര വിദ്യുച്ഛക്തി കണക്ഷനുകൾ നൽകി ?

ഉത്തരം

1980-81	(1-4-1980മുതൽ 30-9-1986 വരെ)	2,56,547	എണ്ണം
1981-82		2,55,169	,,
1982-83		1,35,085	,,
1983-84		85,830	,,
1984-85		1,62,967	,,
1985-86		1,71,884	,,
1986-87		81,500	,,

LIBRARY ARCHIVES Kerala Legislative Assembly